## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4512** **18.05.2017-ൽ മറുപടിയ്ക്ക്**

### വ്യാജ ലോട്ടറിയുടെ വിപണനം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വ്യാജ ലോട്ടറിയുടെ വിപണനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാന ലോട്ടറി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | സമ്മാനാർഹമായ നമ്പരിലുള്ള ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് ഏജന്റുമാരെയും വിൽപ്പനക്കാരെയും കബളിപ്പിച്ച് പണം തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യതയെ ബാധിക്കുമെന്നതിനാൽ വ്യാജടിക്കറ്റുകളുടെ ഉറവിടം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വ്യാജ ലോട്ടറിയുടെ വിപണനം തടയുന്നതിനും സംസ്ഥാന ലോട്ടറിയുടെ സുരക്ഷാ മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | അനധികൃത ലോട്ടറികളുടെ വിൽപന തടയുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. വ്യാജ സമ്മാന ടിക്കറ്റുകളുടെ വിപണനം തടയുന്നതിനു വേണ്ടി നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ micro printing, opaque text, currency strips മുതലായ സുരക്ഷാമാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വ്യാജ ലോട്ടറി അച്ചടിച്ചതുമായൊ വിപണനം നടത്തിയതുമായൊ ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്; ഭാഗ്യക്കുറി വകുപ്പ് നേരിട്ട് നടത്തിയ പരിശോധനകളിൽ അത്തരം എത്ര സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | അനധികൃത ലോട്ടറിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 28 കേസുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്. വ്യാജ സമ്മാന ടിക്കറ്റുകളുടെ ഉറവിടം കണ്ടെത്തുന്നതിന് അന്വേഷണം നടത്തുന്നതിനായി എല്ലാ ജില്ലകളിലും ക്രൈംബ്രാഞ്ച് DYSP/ASP-യെ നോഡൽ ഓഫീസറായി അന്വേഷണ സംഘത്തെ നിയോഗിക്കാൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്. ഇത്തരത്തിലുള്ള വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് പാലക്കാട് സി.ബി.സി.ഐ.ഡി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2017 ഏപ്രിൽ മാസത്തിൽ വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് കൊല്ലം, ആലപ്പുഴ ജില്ലകളിൽ രണ്ട് കേസുകൾ രജിസ്ററർ ചെയ്യുകയും ഒരു അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.